**അടിയന്തര പ്രമേയം**

മി. സ്പീക്കർ: ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഇന്നിവിടെ തന്നിരിക്കുന്ന അടിയന്തരപ്രമേയ നോട്ടീസിനാസ്പദമായ വിഷയം ജനുവരി 7–ാം തീയതി സഭയിൽ അവതരണാനുമതി തേടിയ വിഷയം തന്നെയാണ്. റൂൾസ് ഓഫ് പ്രൊസിഡ്യുവറിലെ 52–ാം ചട്ടപ്രകാരം ഒരു സമ്മേളനത്തിൽ ചർച്ചയ്ക്കുവന്ന വിഷയം വീണ്ടും ചർച്ച ചെയ്യാൻ പാടില്ലെന്ന് നിഷ്കർഷിക്കുന്നുണ്ട്. പക്ഷേ, ഇക്കാര്യത്തിൽ ചട്ടം മുറുകെപിടിക്കാൻ ചെയർ ഉദ്ദേശിക്കുന്നില്ല. എന്നിരുന്നാലും 7–ാം തീയതി സഭയിൽ അവതരണാനുമതി തേടിയ സമയത്ത് ഏകദേശം ഒരു മണിക്കൂറോളം ഇക്കാര്യം ചർച്ച ചെയ്തു. അക്കാര്യം ഇവിടെ സൂചിപ്പിച്ചുവെന്നേയുള്ളൂ.

II അടിയന്തര പ്രമേയം

**പരിസ്ഥിതി ലോല പ്രദേശങ്ങൾ**

മി. സ്പീക്കർ: പരിസ്ഥിതി ലോലപ്രദേശങ്ങളുടെ കാര്യത്തിൽ കേരളം അടക്കമുള്ള സംസ്ഥാനങ്ങളുടെ ആവശ്യങ്ങൾകൂടി പരിഗണിച്ച് ഇറക്കിയതായി പറയപ്പെടുന്ന 2013 ഡിസംബർ 20–ാം തീയതിലെ ഓഫീസ് മെമ്മോറാണ്ടം അസാധുവാണെന്നും ഇക്കാര്യത്തിൽ നവംബർ 13–ാം തീയതിലെ ഓഫീസ് മെമ്മോറാണ്ടമാണ് നിലനിൽക്കുന്നതെന്നും കേന്ദ്ര പരിസ്ഥിതി മന്ത്രാലയം ഹരിത ട്രൈബ്യൂണലിന് സത്യവാങ്മൂലം നൽകിയതോടെ കേരളം നിയോഗിച്ച ഉമ്മൻ വി. ഉമ്മൻ കമ്മിറ്റിയുടെ പ്രസ്ക്തി ഇല്ലാതായതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് സർവ്വശ്രീ കോടിയേരി ബാലകൃഷ്ണൻ, വി. എസ്. സുനിൽ കുമാർ, ജോസ് തെറ്റയിൽ, എ. എ.

അസീസ്, എ. കെ. ശശീന്ദ്രൻ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, നാഷണൽ ഗ്രീൻ ട്രൈബ്യൂണലിൽ ഇന്നലെ നടന്ന കേസ് സംബന്ധിച്ച് കേരളത്തിന് ആശങ്ക ഉളവാക്കുന്ന യാതൊരു കാര്യവും നടന്നിട്ടില്ല. ഇതുസംബന്ധിച്ച് ഇന്നലെ കോടതി പ്രത്യേക ഉത്തരവൊന്നും തന്നിട്ടുമില്ല. ഇന്നലെ ശ്രീ. കോടിയേരി ബാലകൃഷ്ണൻ നൽകിയ അടിയന്തരപ്രമേയ നോട്ടീസിൽ പറഞ്ഞിരിക്കുന്ന തുപോലെ കേന്ദ്ര പരിസ്ഥിതി മന്ത്രാലയം ഹരിത ടൈബ്യൂണലിന് ഒരു സത്യ വാങ്മൂലം കൊടുത്തിട്ടുമില്ല. മിനഞ്ഞാന്ന് എന്തായിരുന്നോ അതുതന്നെ യാണ് ഇന്നത്തെയും സ്ഥിതി. പരിസ്ഥിതി സംരക്ഷണത്തിനുവേണ്ടി നില കൊള്ളുന്ന ഓർഗനൈസേഷനായ ഗോവ ഫൗണ്ടേഷൻ, സുപ്രീം കോടതി യിൽ നടന്നുവരുന്ന കേസിന്മേൽ ഒരു പെറ്റീഷൻ കൊടുത്തു. ആ പെറ്റീഷൻ എന്താണെന്നുവച്ചാൽ ഡിസംബർ 20-ാം തീയതി ശ്രീ. വീരപ്പമൊയ്‌ലി ഈ വകുപ്പിന്റെ മന്ത്രിയായതിനുശേഷം കേരളം ഉൾപ്പെടെയുള്ള ആറ് സംസ്ഥാന ങ്ങളുടെയും ആശങ്കകൾ കണക്കിലെടുത്ത്, സംസ്ഥാനങ്ങളുടെ വാദം കേട്ട തിനുശേഷം മാത്രമേ ഇ.എസ്.എ (Ecologically Sensitive Area) യെ സംബന്ധിച്ച് ഫൈനലായി ഒരു ഉത്തരവ് പുറപ്പെടുവിക്കുകയുള്ളൂവെന്ന് ഒരു നോട്ടിഫി ക്കേഷൻ ഇറക്കിയിരുന്നു. ഇതു സംബന്ധിച്ച് എല്ലാ മുഖ്യമന്ത്രിമാർക്കും കത്തെഴുതുമെന്ന് അദ്ദേഹം നേരിട്ട് അറിയിച്ചിരുന്നു. അതിന്റെ അടിസ്ഥാന ത്തിൽ വ്യക്തത വരുത്തിക്കൊണ്ടുള്ള ഒരു നോട്ടിഫിക്കേഷനാണ് പുറപ്പെടു വിച്ചിരിക്കുന്നത്. ശ്രീ. വീരപ്പമൊയ്‌ലി ഈ സ്ഥാനത്തുവന്ന് 20-12-2013-ലെ നോട്ടിഫിക്കേഷൻ ഇറക്കിയതിനുശേഷം പരിസ്ഥിതി സംരക്ഷണത്തിനുനേരെ

വ്യാപകമായിട്ടുള്ള കടന്നാക്രമണം നടക്കുന്നുവെന്നാണ് ഗോവ ഫൗണ്ടേഷൻ ഉന്നയിച്ചിരിക്കുന്ന ആക്ഷേപം. കേരളം ജനുവരി 10-ാം തീയതി ഇറക്കിയ ഒരു ഉത്തരവിലൂടെ രണ്ടായിരത്തിലധികം ക്വാറികൾക്ക് അനുമതി കൊടുത്തിരിക്കുന്നു. അതുകൊണ്ട് 20-12-2013-ലെ കേന്ദ്ര ഗവൺമെന്റിന്റെ നോട്ടിഫിക്കേഷൻ വലിയ ഭീഷണിയായി മാറിയിരിക്കുന്നുവെന്ന് പറഞ്ഞപ്പോൾ 13-11-2013-ലെ ഡയറക്ഷൻസ് എന്താണെന്ന് കോടതി ചോദിച്ചു. ആ ഡയറക്ഷൻസ് ഇപ്പോൾ നിലനിൽക്കുന്നുവെന്ന് വക്കീൽ പറഞ്ഞു. 13-11-2013-ലെ ഡയറക്ഷൻ സ്റ്റേറ്റ് ഗവൺമെന്റിനുള്ള ഡയറക്ഷനല്ല. അഞ്ച് കാര്യങ്ങളിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് പരിസ്ഥിതി സംരക്ഷണ സമിതികൾക്ക് കൊടുത്തിരിക്കുന്ന ഡയറക്ഷനാണെന്ന് അതിൽ വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. ഗവൺമെന്റിനുള്ള ഡയറക്ഷനല്ല. അവരുടെ ഡയറക്ഷൻ പ്രകാരം ആറ് സംസ്ഥാനങ്ങൾക്ക് സ്റ്റേറ്റ് എൺഡോവ്മെന്റ് ഇംപാക്ട് അസെസ്സമെന്റ് അതോറിറ്റിയും ആറ് സംസ്ഥാനങ്ങൾക്ക് The State Expert Appraisal Committee-യും പുതുതായി പെർമിറ്റ് കൊടുക്കുന്നതിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിക്കൊണ്ടുള്ള ഡയറക്ഷനാണ് അതിൽ കൊടുത്തിരിക്കുന്നത്. അതും നിലവിലുള്ള സ്ഥിതി തുടരാം, അതിന്റെ കാലാവധി കഴിയുന്നതുവരെ തുടരാം. പക്ഷേ, പുതിയവ കൊടുക്കുന്നതിനുള്ള ഡയറക്ഷനുകളാണ് നൽകിയിരിക്കുന്നത്. ആ ഡയറക്ഷനുകൾ ഈ പരിസ്ഥിതി സമിതികൾക്കുമേൽ നിലനിൽക്കുന്നുവെന്ന് മാത്രമാണ് കേന്ദ്ര ഗവൺമെന്റിന്റെ വക്കീൽ അവിടെ പറഞ്ഞിരിക്കുന്നത്. 20-12-2013-ൽ ഇറക്കിയിട്ടുള്ള ഓഫീസ് മെമ്മോറാണ്ടം നിലനിൽക്കുന്നു. അതുസംബന്ധിച്ച് ശ്രീ. വീരപ്പ മൊയ്‌ലി വിശദമായൊരു കത്ത് നൽകിയിട്ടുണ്ട്. സംസ്ഥാന മുഖ്യമന്ത്രിമാരു

മായി ചർച്ച ചെയ്ത് സംസ്ഥാനങ്ങളുടെ അഭിപ്രായങ്ങൾ ആരാഞ്ഞതിനു ശേഷം ഇതിന്റെ എല്ലാ വശങ്ങളും പരിശോധിച്ചതിനുശേഷം മാത്രമേ ഇതിന്മേൽ തീരുമാനമെടുക്കുകയുള്ളൂവെന്ന് 20–12–2013–ലെ ഓഫീസ് മെമ്മോറാണ്ടത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. 13–11–2013–ലെ ഡയറക്ഷൻസ് നിലനിൽക്കുന്നു. ആ ഡയറക്ഷൻസ് എന്തിനുവേണ്ടിയാണ്? അത് പരിസ്ഥിതി സമിതികൾക്കുള്ള ഡയറക്ഷനാണ്. അതിൽ അഞ്ച് കാര്യങ്ങൾ പറയുന്നുണ്ട്. പുതുതായി അനുവദിക്കുന്നതിനുള്ള നിയന്ത്രണങ്ങൾ മാത്രമാണ് അതിൽ പറയുന്നത്, അല്ലാതെ യാതൊന്നും അതിൽ പറഞ്ഞിട്ടില്ല. പിന്നെ, സംസ്ഥാന ഗവൺമെന്റ് ക്വാറികൾക്ക് അനുമതി നൽകിയതിൽ പിശകുപറ്റിയെന്നാണ് ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ നോട്ടീസിൽ ഉന്നയിക്കുന്ന മറ്റൊരു പ്രധാനപ്പെട്ട വിഷയം. സംസ്ഥാന ഗവൺമെന്റ് നിയമത്തിനുള്ളിൽ നിന്നുമാത്രമേ പ്രവർത്തിച്ചിട്ടുള്ളൂ. ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണനും ഈ സഭയിലെ എല്ലാ അംഗങ്ങൾക്കും അറിയാവുന്നതുപോലെ പാറ പൊട്ടിക്കാനോ, മണൽ വാരാനോ, മണ്ണെടുക്കാനോ പാടില്ലെന്ന ഉത്തരവ് വന്നതിനുശേഷം സംസ്ഥാനത്തെ മുഴുവൻ നിർമ്മാണ പ്രവർത്തനങ്ങളും നിലച്ചിരിക്കുകയാണ്. ആ സാഹചര്യത്തിൽ ഇക്കാര്യം ക്യാബിനറ്റുമായി ആലോചിച്ചു. നിയമപരമായിട്ടുള്ള എല്ലാ നടപടികളും പരിശോധിച്ചു. ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച ചെയത് നിയമത്തിനുള്ളിൽ നിന്നുകൊണ്ട് ഇതിനൊരു പരിഹാരമുണ്ടാക്കുന്നതിനുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിക്കാൻ ചീഫ് സെക്രട്ടറിയോട് ആവശ്യപ്പെട്ടു. അതിന്റെ അടിസ്ഥാനത്തിൽ 10–01–2014–ൽ ഇൻഡസ്ട്രീസ് ഡിപ്പാർട്ടുമെന്റിന്റെയും റവന്യൂ ഡിപ്പാർട്ടുമെന്റിന്റെയും ഒരു ഉത്തരവ് ഇറങ്ങി. നിലവിലുള്ള എല്ലാ നിയമങ്ങളും

പാലിച്ചുകൊണ്ട് ഇന്നത്തെ സ്തംഭനാവസ്ഥ ഒഴിവാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ മാത്രമാണ് സ്വീകരിച്ചിട്ടുള്ളത്. അങ്ങനെ സ്വീകരിച്ച നടപടികളിലും ഈ ഡയറക്ഷൻസ് പൂർണ്ണമായി പാലിച്ചിട്ടുണ്ട്. 20-12-2013-ലെ ഓഫീസ് മെമ്മോറാണ്ടത്തെ ദുർവ്യാഖ്യാനം ചെയ്ത് ക്വാറികൾക്ക് പ്രവർത്തനാനുമതി നൽകിയത് ഗൗരവമാണെന്ന് നിരീക്ഷണം നടത്തിക്കൊണ്ട് പത്ത് ദിവസത്തിനകം ട്രൈബ്യൂണലിൽ റിപ്പോർട്ട് നൽകണമെന്ന് പറഞ്ഞിരിക്കുകയാണ്. ഗവൺമെന്റ് റിപ്പോർട്ട് കൊടുക്കും. ഈ ഗവൺമെന്റ് എല്ലാ കാര്യങ്ങളും സുതാര്യവും നിയമത്തിനുവിധേയമായിട്ടുമാണ് ചെയ്തിട്ടുള്ളത്. അതുകൊണ്ട് ഇതുസംബന്ധിച്ച് ഒരാശങ്കയ്ക്കും അടിസ്ഥാനമില്ല. മലയോര പ്രദേശങ്ങളിലെ ജനവാസ കേന്ദ്രങ്ങളെ ബാധിക്കുന്ന ഒരു നടപടിയും ഉണ്ടാവില്ലെന്ന് ഉറപ്പുപറയാൻ ഈ അവസരം വിനിയോഗിക്കുകയാണ്. അതിന് ഒരു മാറ്റവുമുണ്ടാവില്ല. അത് സംരക്ഷിക്കുവാനുള്ള പൂർണ്ണമായ ഉത്തരവാദിത്വത്തോടുകൂടിയാണ് ഈ പ്രശ്നം കൈകാര്യം ചെയ്യുന്നത്. ജനങ്ങളുടെ ഇടയിൽ അനാവശ്യമായിട്ടുള്ള ആശങ്ക ഉളവാക്കുന്ന സാഹചര്യം സൃഷ്ടിക്കരുത്. ശരിയായ പ്രശ്നങ്ങൾ ഉന്നയിക്കുകയും അക്കാര്യത്തിനുവേണ്ടി യോജിച്ചു നിൽക്കുകയും ചെയ്യാം. ഇക്കാര്യത്തിനുവേണ്ടി ഭരണ-പ്രതിപക്ഷങ്ങൾ തമ്മിൽ യാതൊരഭിപ്രായ വ്യത്യാസവുമില്ല. എല്ലാവരും അവിടത്തെ ജനങ്ങളുടെയും കർഷകരുടെയും താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനായി ഒരുമിച്ചു നിൽക്കണമെന്നുള്ള അഭിപ്രായമാണുള്ളത്. അതിന് ഒരു മാറ്റവുമില്ല. മിനഞ്ഞാന്നത്തെ സ്ഥിതിയെന്താണോ അതുതന്നെയാണ് ഇന്നും തുടരുന്നത്. അക്കാര്യത്തിൽ ഒരാശങ്കയും വേണ്ടെന്ന് വ്യക്തമാക്കുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഈ പ്രശ്നത്തിൽ ആശങ്ക ഇല്ലാത്തത് മുഖ്യമന്ത്രിക്ക് മാത്രമാണ്. ഇടുക്കി ജില്ലയിലെ ജനങ്ങൾ ഇന്ന് ഹർത്താലിലാണ്. ഹൈറേഞ്ച് സമിതിയും അതിന് പിന്തുണ പ്രഖ്യാപിച്ചു. അവർക്കും ആശങ്കയാണ്. കോഴിക്കോട് ജില്ലയിലുള്ള മലയോരപ്രദേശങ്ങളിലാകെ ഇന്ന് ഹർത്താലാണ്. അവരും ആശങ്കയിലാണ്. അങ്ങയുടെ ജില്ലയായ കോട്ടയത്തെ മലയോരപ്രദേശത്ത് ഹർത്താലാണ്. അവർക്കും ആശങ്കയാണ്. പൂഞ്ഞാറിലും ആശങ്കയാണ്. ഭരണകക്ഷിയുടെ ചീഫ് വിപ്പിന് ആശങ്കയാണ്. അങ്ങയുടെ ഭാഗത്തിരിക്കുന്ന മെമ്പർമാരുടെ ആശങ്കപോലും ദൂരീകരിക്കാൻ അങ്ങേയ്ക്ക് സാധിക്കാതെ ആശങ്കയില്ല എന്ന് ദിവസേന പറഞ്ഞതുകൊണ്ട് ഈ പ്രശ്നത്തിന് പരിഹാരമാകുമോ? മിനഞ്ഞാന്നത്തെ സ്ഥിതയല്ല ഇന്നത്തെ സ്ഥിതി. നാഷണൽ ഗ്രീൻ ട്രൈബ്യൂണലിൽ ഉണ്ടായ നടപടിക്രമമാണ് ഇന്നലെ ഇവിടെ ഉണ്ടായ സംഭവം. 2010-ലെ ആക്ട് പ്രകാരം വന്നതാണ് നാഷണൽ ഗ്രീൻ ട്രൈബ്യൂണൽ. ഈ ട്രൈബ്യൂണലിന് വിപുലമായ അധികാരങ്ങളുണ്ട്. ഇതിലെ XIV-ാം വകുപ്പ് പറയുന്നത്, The tribunal shall be the jurisdiction over all civil cases where a substantial question relating to environment including enforcement of any legal right relating to environment is involve and such question arises out of the implementation of the enactments specified in schedule-1. ഷെഡ്യൂൾ-1 നോക്കുമ്പോൾ വാട്ടർ പൊല്യൂഷൻ ആക്ട്, ഫോറസ്റ്റ് കൺസർവേഷൻ ആക്ട്, എയർ പ്രിവൻഷൻ കൺട്രോൾ ആക്ട്, എൻവയോൺമെന്റ് പ്രൊട്ടക്ഷൻ ആക്ട്, പബ്ലിക് ലയബിലിറ്റി ഇൻഷുറൻസ് ആക്ട്, ബയോളജിക്കൽ ഡൈവേഴ്സിറ്റി ആക്ട് - ഇവ പ്രകാരമുള്ള ഏത് കാര്യ

ത്തിലും ഇടപെടാൻ അധികാരം നൽകിയിട്ടുള്ള പാർലമെന്റ് പാസ്സാക്കിയ ഒരു നിയമപ്രകാരം പ്രവർത്തിക്കുന്ന ഒരു ട്രൈബ്യൂണലിലാണ് ഇന്നലെ ഈ നടപടിക്രമമുണ്ടായത്. ഇന്നത്തെ ഹിന്ദു പത്രം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒന്ന് വായിക്കണം. ആ ഹിന്ദു പത്രത്തിൽ പറയുന്നത്, Environment Ministry contradicts Moily's statements എന്നാണ്. ഇത് ആശങ്കയുണ്ടാക്കുന്നതല്ലേ? ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയിൽ പറഞ്ഞതുപോലെയല്ല ഇന്നലെ ട്രൈബ്യൂണലിലുണ്ടായിരിക്കുന്ന സംഭവം. ഹിന്ദു പത്രം പറയുന്നു, In sharp contrast, the Environment Ministry counsel informed the NGT on Tuesday that the November 13 orders should valid. എന്നിട്ട് അവർ പറയുന്നു, In its written order the tribunal recorded, "Learned counsel appearing for the Ministry of Environment and Forests submits that the order dated 13th November, 2013 and the directions issued therein continue to remain in force." 20–ാം തീയതിയിലത്തേത് നിലവിലിരിക്കുന്നു. 13–ാം തീയതിയിലത്തേതാണ് ..........എന്നുപറഞ്ഞ് വ്യക്തമായി കോടതിയിൽ നിർദ്ദേശം കൊടുത്തുകഴിഞ്ഞിരിക്കുകയാണ്. എങ്ങനെ ഇതുണ്ടായി? ഇത് കേന്ദ്ര ഗവൺമെന്റ് കൗൺസിൽ മാത്രമാണോ? ഇന്നലെ സുപ്രീംകോടതിയിലുണ്ടായ നടപടിക്രമമനുസരിച്ചുള്ള റിപ്പോർട്ടിൽ കാണുന്നത്, കേരളത്തിന്റെ അഭിഭാഷകന്മാർ അവിടെ ഹാജരായി. അവരിൽ കൃഷ്ണൻ വേണുഗോപാലനും ജോജി സക്കറിയയും പറഞ്ഞത് കസ്തൂരിരംഗൻ നിർദ്ദേശങ്ങൾ കേന്ദ്രം അംഗീകരിച്ചതോടെ ഗാഡ്ഗിൽ ശുപാർശകൾ നടപ്പാക്കണമെന്നാവശ്യപ്പെട്ട് ഗോവ ഫൗണ്ടേഷൻ സമർപ്പിച്ച ഹർജി അപ്രസ

ക്തമാണ് എന്നാണ്. അതിന്റെ അർത്ഥം എന്താണ്? കസ്തൂരി രംഗൻ റിപ്പോർട്ട് നടപ്പിലാക്കപ്പെട്ടു. കേരളം കസ്തൂരി രംഗൻ റിപ്പോർട്ട് അംഗീകരിക്കുന്നു എന്ന് കേരളത്തിന്റെ അഭിഭാഷകന് എങ്ങനെ സുപ്രീംകോടതിയിൽ പറയാൻ സാധിച്ചു? കസ്തൂരി രംഗൻ റിപ്പോർട്ട് കേന്ദ്രം പ്രഖ്യാപിച്ചതോടു കൂടി ഗാഡ്ഗിൽ റിപ്പോർട്ട് ഇല്ലെന്ന് മാത്രമേ കേരളത്തിലെ അഭിഭാഷകൻ പറയുന്നുള്ളൂ. കസ്തൂരി രംഗൻ റിപ്പോർട്ട് ഇപ്പോഴും നിലവിലുണ്ടെന്നാണ് കേരളത്തിലെ അഭിഭാഷകൻ സുപ്രീംകോടതിയിൽ സമർത്ഥിച്ചത്. ഇത് ആശങ്കയുണ്ടാക്കുന്ന കാര്യമല്ലേ? ഇന്നലെ ഈ ട്രൈബ്യൂണലിന്റെ മുന്നിൽ നടന്ന വാദഗതികളാണ് ഈ ആശങ്കയ്ക്ക് അടിസ്ഥാനം. ഒരു പ്രശ്നവുമില്ലെന്ന് വീരപ്പമൊയ്‌ലി എന്നെ വിളിച്ച് പറഞ്ഞിട്ടുണ്ട് എന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്നു. ഈ വീരപ്പമൊയ്‌ലിക്കുവേണ്ടിയല്ലേ വക്കീൽ അവിടെ ഹാജരായത്? ആ ഹാജരായ വക്കീലിന് എന്തുകൊണ്ടാണ് വീരപ്പമൊയ്‌ലിയുടെ അഭിപ്രായം അവിടെ പറയാൻ സാധിക്കാത്തത്? ഇവിടെ കസ്തൂരി രംഗൻ റിപ്പോർട്ട് നടപ്പിലാക്കിക്കൊണ്ട് ............

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): സർ, അങ്ങ് തെറ്റിദ്ധരിച്ചുപോകുന്നതുകൊണ്ടാണ് പറയുന്നത്, ഗോവ ഫൗണ്ടേഷന്റെ ഇന്നലത്തെ കേസ് 25-07-2012-ലെ ഗ്രീൻ ട്രൈബ്യൂണലിന്റെ വിധി പുന:സ്ഥാപിക്കണമെന്ന് പറഞ്ഞുകൊണ്ടാണ്. 25-07-2012-ലെ വിധി എന്താണ്? ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് പശ്ചിമഘട്ടത്തിൽ പ്രാബല്യത്തിൽ വന്നിരിക്കുന്നുവെന്നുള്ള വിധിയാണ്. അതുകൊണ്ട് 20-12-2013-ലെ ഓഫീസ് മെമ്മോറാണ്ടം വീരപ്പമൊയ്‌ലി മന്ത്രിയായതിനുശേഷം ഇറക്കിയതോടുകൂടി ഇവിടം മുഴുവൻ തകർത്തിരിക്കുകയാണ്. അതുകൊണ്ട് 25-07-2012-ലെ ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് ഇവിടെ പ്രാബല്യത്തിൽ കൊണ്ടുവരണമെന്ന് പറഞ്ഞ പെറ്റീഷനാണ് ഇന്നലെ ഗോവ ഫൗണ്ടേ

ഷൻ കൊടുത്തത്. അതിനെയാണ് നമ്മുടെ സ്റ്റേറ്റിന്റെ സീനിയർ അഡ്വക്കേറ്റ് കൃഷ്ണൻ വേണുഗോപാൽ എതിർത്തത്. അതിനെ എതിർത്തിട്ട് അങ്ങ് പറയുന്നതുപോലെ കസ്തൂരി രംഗൻ റിപ്പോർട്ടാണ് നിലവിലുള്ളതെന്ന് ഗ്രീൻ ട്രൈബ്യൂണലിൽ പറഞ്ഞിട്ടുണ്ട്. അവിടെ നമ്മൾ കസ്തൂരി രംഗൻ റിപ്പോർട്ടിൽ വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ച് പുതിയ സത്യവാങ്മൂലം കൊടുത്തിട്ടുണ്ട്. ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കണമെന്ന് പറഞ്ഞപ്പോൾ ഇപ്പോൾ അത് നിഷ്പ്രഭമായിരിക്കുന്നു, അതിന്റെ പ്രസക്തി നഷ്ടപ്പെട്ടിരിക്കുന്നു, കസ്തൂരി രംഗൻ റിപ്പോർട്ടാണ് ഇന്ന് ചർച്ചാ വിഷയം എന്ന് പറഞ്ഞിട്ട് കസ്തൂരി രംഗൻ റിപ്പോർട്ടിൽ വരുത്തേണ്ട മാറ്റങ്ങൾ, സത്യവാങ്മൂലം ഗവൺമെന്റ് കൊടുത്തുകഴിഞ്ഞു. ഇന്നയിന്ന മാറ്റങ്ങൾ, ജനവാസ കേന്ദ്രങ്ങൾ, പ്രായോഗികത നോക്കാതെ വന്നിട്ടുള്ള കാര്യങ്ങൾ എല്ലാം കാണിച്ചുകൊണ്ട് കൊടുത്തിട്ടുണ്ട്. അതുകൊണ്ട് ഇന്നലെ ഗോവ ഫൗണ്ടേഷൻ കൊടുത്ത കേസിന്റെ പശ്ചാത്തലത്തിൽ വേണം സംസ്ഥാന ഗവൺമെന്റിന്റെ നിലപാടിനെക്കുറിച്ച് അഭിപ്രായം പറയാൻ.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: സർ, അങ്ങ് ഇനിയും സഭയെ തെറ്റിദ്ധരിപ്പിക്കരുത്. ഇന്നലെ അങ്ങയുടെ അഭിഭാഷകൻ സുപ്രീകോടതിയിൽ പറഞ്ഞതെന്താണ്? കസ്തൂരിരംഗൻ നിർദ്ദേശങ്ങൾ കേന്ദ്രം അംഗീകരിച്ചതോടെ ഗാഡ്ഗിൽ ശുപാർശകൾ അപ്രസക്തമായി. അപ്പോൾ ഗാഡ്ഗിൽ നിലനിൽക്കുന്നില്ല. കസ്തൂരി രംഗൻ നിലനിൽക്കുന്നുവെന്ന് കേരളത്തിലെ അഭിഭാഷകൻ ട്രൈബ്യൂണലിൽ പറഞ്ഞു. അതുതന്നെയാണ് കേന്ദ്രത്തിന്റെ വക്കീലും പറഞ്ഞത്. കേരളത്തിന്റെ വക്കീലിനും കേന്ദ്രത്തിന്റെ കൗൺസിലിനും ഒരേ നിലപാടാണ് ഇന്നലെയുണ്ടായത്. രണ്ട് കൂട്ടരും പറയുന്നത്, കസ്തൂരി രംഗൻ റിപ്പോർട്ട് നിലനിൽക്കുന്നു, അവസാനം ഇറക്കിയ ഉത്തരവ്

നിലനിൽക്കുന്നതല്ല. 13-ാം തീയതിയിലെ ഉത്തരവ് നിലനിൽക്കുന്നുവെന്ന് വ്യക്തമായി പറഞ്ഞുകഴിഞ്ഞിരിക്കുകയാണ്. ഇനിയും ഇതിൽ ആശങ്കയി ല്ലെന്ന് പറഞ്ഞാൽ ആരാണ് വിശ്വസിക്കാൻ പോകുന്നത്? പ്രതിപക്ഷത്തിരി ക്കുന്ന ശ്രീ. റ്റി. എൻ. പ്രതാപന് ആശങ്കയില്ല. പക്ഷേ അവിടെയിരിക്കുന്ന ശ്രീ പി. സി. ജോർജിന് ആശങ്കയുണ്ട്. എനിക്ക് ആശങ്കയില്ലെന്ന് പി. സി. ജോർജ് എഴുന്നേറ്റുനിന്ന് പറയട്ടെ.

ചീഫ് വിപ്പ് (ശ്രീ. പി. സി. ജോർജ്): സർ, മുഖ്യമന്ത്രി പറഞ്ഞത് ഞാൻ പൂർണ്ണമായും വിശ്വസിക്കുകയാണ്. അതിന് ഭംഗം വന്നാൽ അപ്പോഴാണ് ആശങ്കയുണ്ടാകുന്നത്. ഇപ്പോൾ ഒരാശങ്കയും ഇല്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, അദ്ദേഹം അപ്പുറത്തെ സീറ്റിലി രുന്നുകൊണ്ട് പ്രതിഷേധിക്കാൻ പറ്റുന്ന രൂപത്തിലൊരു പ്രതിഷേധമാണ് ഇവിടെ പ്രകടിപ്പിച്ചത്. അദ്ദേഹത്തിന് ഈ രൂപത്തിലല്ലേ ഇപ്പോൾ പ്രതിഷേ ധിക്കാൻ പറ്റൂ. അതുകൊണ്ട് ഇത് അദ്ദേഹത്തിന്റെ പ്രതിഷേധമായി മുഖ്യ മന്ത്രി കാണണം. പൂഞ്ഞാറിൽ ഇന്ന് സമരമാണ്. പൂഞ്ഞാറിൽ ആശങ്ക യില്ലെ?

ശ്രീ. പി. സി. ജോർജ്: സർ, ഇതിനകത്ത് ഒരു പ്രശ്നം എന്തെന്നാൽ, ജനങ്ങളുടെ ആശങ്ക എന്തെന്നുവച്ചാൽ എന്റെ നിയോജക മണ്ഡലത്തിൽ നാല് പഞ്ചായത്തിൽ ഇന്ന് ഹർത്താലാണ്. ഞാൻ അവിടെ ഉണ്ടായിരുന്നെ ങ്കിൽ ഈ കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കുമായിരുന്നു. എനിക്കതിന് സമയം കിട്ടിയില്ല. ഗാഡ്ഗിൽ റിപ്പോർട്ട് കേന്ദ്ര സർക്കാർ തള്ളി പകരം കസ്തൂരി രംഗൻ റിപ്പോർട്ട് സ്വീകരിച്ചു. കസ്തൂരി രംഗൻ റിപ്പോർട്ടിൽ അപാകതയുണ്ടെന്ന് സംസ്ഥാന ഗവൺമെന്റുകൾ പറഞ്ഞിരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ അതുംകൂടെ ചർച്ച ചെയ്ത് തീരുമാനിക്കും. അതിനു

വേണ്ടി കേരളത്തിൽ ഉമ്മൻ വി. ഉമ്മൻ കമ്മറ്റി വെച്ചിരിക്കുകയാണ്. ആ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തീരുമാനം എടുക്കുമെന്നു പറഞ്ഞാൽ പിന്നെ ആശങ്ക വേണ്ട. അത് ഞാൻ പബ്ലിക് മീറ്റിംഗിൽ പറഞ്ഞി ട്ടുണ്ട്. ആ സ്റ്റാൻഡിൽ തന്നെയാണ് ഞാൻ.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഇതിന്റെ പ്രശ്നം കേന്ദ്ര ഗവൺമെന്റ് കസ്തൂരി രംഗൻ റിപ്പോർട്ട് അംഗീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചത് എൻവയോൺമെന്റ് അക്ടിന്റെ അടിസ്ഥാനത്തിലാണ്. നമ്മുടെ രാജ്യത്ത് നിലനിൽക്കുന്ന നിയമത്തിന്റെ അടിസ്ഥാനത്തിൽ എൻവ യോൺമെന്റ് പ്രൊട്ടക്ഷൻ റൂൾസ് 86 പ്രകാരമാണ് കേന്ദ്ര ഗവൺമെന്റ് കസ്തൂരി രംഗൻ റിപ്പോർട്ട് അംഗീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചത്. ഈ കസ്തൂരി രംഗൻ റിപ്പോർട്ടിലെ നിർദ്ദേശങ്ങളെല്ലാം നിയമത്തിന്റെ ഭാഗമാ യിട്ടു മാറും. നിയമത്തിന്റെ ഭാഗമായിട്ട് ഇത് മാറിയത് തടയാൻ ഇനി ബഹു മാനപ്പെട്ട മുഖ്യമന്ത്രിക്ക് സാധിക്കുമോ; ബഹുമാനപ്പെട്ട വീരപ്പമൊയ്ലിക്ക് സാധിക്കുമോ? നിയമത്തിന് മുകളിലാണോ മുഖ്യമന്ത്രിയും കേന്ദ്രമന്ത്രിയും. നിയമത്തിന് കീഴിലല്ലേ? കേന്ദ്ര ഗവൺമെന്റ് നിയമത്തിന് കീഴിലല്ലേ; സംസ്ഥാന ഗവൺമെന്റ് നിയമത്തിന് കീഴിലല്ലേ; എൻവയോൺമെന്റ് പ്രൊട്ട ക്ഷൻ റൂൾസ് അനുസരിച്ച് പുറപ്പെടുവിച്ചിരിക്കുന്ന ഈ ഉത്തരവ് മാറ്റാൻ ഇനി എങ്ങനെ സാധിക്കും. അതിന്റെ അടിസ്ഥാനത്തിൽ ഉദ്യോഗസ്ഥന്മാർ ഇവിടെ നടപ്പിലാക്കാൻ തുടങ്ങി. ഉദ്യോഗസ്ഥന്മാർ ഇപ്പോൾ വസ്തു കരം സ്വീകരിക്കുന്നില്ല. പ്രമാണം രജിസ്റ്റർ ചെയ്ത് കൊടുക്കുന്നില്ല. പട്ടയവിത രണം നടക്കുന്നില്ല. ഇതൊക്കെത്തന്നെ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതല്ലേ? 07-12-2013 ൽ സർക്കാർ പുറപ്പെടുവിച്ച ഒരു പ്രസ്സ് റിലീസുണ്ട്, 6-ാം തീയതി

ഇറക്കിയ ഒരു ഉത്തരവാണ്, അതിൽ അങ്ങ് തന്നെ പറയുന്നുണ്ടല്ലോ, വസ്തു കരം പിരിക്കാത്ത പ്രശ്നം, പ്രമാണം രജിസ്റ്റർ ചെയ്യാത്ത പ്രശ്നം, പട്ടയം വിതരണം ചെയ്യാത്ത പ്രശ്നം, ചില ഉദ്യോഗസ്ഥന്മാർ സ്വീകരിക്കുന്നുണ്ട്. ഇതിലുള്ള തടസ്സങ്ങൾ നീക്കിക്കൊടുക്കണമെന്ന് പറഞ്ഞ് അങ്ങ് പുറപ്പെടുവിച്ച ഉത്തരവ് പിറ്റേ ദിവസം അങ്ങ് തന്നെ പിൻവലിച്ചു. ഒരു ദിവസം ഉത്തരവിറക്കുക, പിറ്റേ ദിവസം പിൻവലിക്കുക. ഇത് പ്രകാരം ഈ 123 വില്ലേജുകളിൽ പലയിടത്തും വസ്തുകരം സ്വീകരിക്കുന്നില്ല, പ്രമാണം രജിസ്റ്റർ ചെയ്തു കൊടുക്കുന്നില്ല, ഈ ഗുരുതരമായ സ്ഥിതിവിശേഷം ഉണ്ടായിട്ട് അവിടെയൊന്നുംതന്നെ ആശങ്കിയില്ലായെന്നു പറഞ്ഞാൽ ആരെയാണ് വിശ്വസിപ്പിക്കാൻ സാധിക്കുക. പുതിയ സ്കൂൾ കെട്ടിടങ്ങൾക്ക് അനുമതി കൊടുക്കുന്നുണ്ടോ; പുതിയ കെട്ടിട നിർമ്മാണത്തിന് അനുമതി കൊടുക്കുന്നുണ്ടോ; ആശുപത്രി കെട്ടിടത്തിന് അനുമതി കൊടുക്കുന്നുണ്ടോ; ഇങ്ങനെയുള്ള ഒരു കാര്യത്തിനും അനുമതി കൊടുക്കുന്നില്ല. ഭൂമി കൈമാറ്റത്തിന് അനുമതി കൊടുക്കുന്നില്ല. യഥാർത്ഥത്തിൽ ഈ 123 വില്ലേജുകളിലെയും ജനങ്ങൾ ഒരു അപ്രഖ്യാപിതമായ കുടിയിറക്കലിന് വിധേയമായിരിക്കുകയാണ്. കുടിയിറക്കൽ പ്രഖ്യാപിക്കാതെ സ്വമേധയാ അവർ കുടിയിറങ്ങേണ്ടി വരും. അവിടെ ആരും അങ്ങോട്ടുപോയി ഭൂമി വാങ്ങാൻ പോകുന്നില്ല. ആ പ്രദേശത്തെ മുഴുവൻ വികസനവും തടയും. അങ്ങനെ വന്നുകഴിഞ്ഞാൽ വികസനം ഇല്ലാത്ത മേഖലയിൽ ആരാണ് പോകാൻ പോകുന്നത്. അവർ സ്വമേധയാ മലയോരത്തു നിന്നിറങ്ങി ഇങ്ങോട്ടേയ്ക്ക് വരുന്ന സ്ഥിതിവിശേഷം ഉണ്ടാകും. ഈ ഗുരുതരമായ പ്രശ്നം സംബന്ധിച്ച് ഗവൺമെന്റിന് തന്നെ ആശങ്കയില്ലെങ്കിൽ എന്തിനാണ് ഈ ഉത്തരവ് പുറപ്പെടുവിച്ചത്.

ഗാഡ്ഗിൽ റിപ്പോർട്ട് വന്നപ്പോൾ ഈ നിയമസഭ ചർച്ച ചെയ്ത് മുഖ്യമന്ത്രി പ്രമേയം അവതരിപ്പിച്ചപ്പോൾ നമ്മൾ ഐകകണ്ഠേന പാസ്സാക്കിയതല്ലെ. അതിന്റെയടിസ്ഥാനത്തിൽ എന്തെങ്കിലും നടപടി ഈ ഗവൺമെന്റ് സ്വീകരിച്ചി ട്ടുണ്ടോ; ഇതിന്റെയടിസ്ഥാനത്തിൽ മറ്റ് സംസ്ഥാന സർക്കാരുകളൊക്കെ ഇടപെട്ടതിന്റെ ഫലമായി ഈ കസ്തൂരി രംഗൻ കമ്മിറ്റിയെത്തന്നെ കാര്യങ്ങൾ ബോദ്ധ്യപ്പെടുത്തി പല പ്രദേശങ്ങളും അവർ ഒഴിവാക്കിയെടു ത്തില്ലെ, കർണ്ണാടക സംസ്ഥാനത്തെ കുടക് ജില്ല ഇതിനകത്ത് ഉൾപ്പെടുന്നില്ല, വയനാട് ജില്ല ഇതിനകത്തുൾപ്പെടുന്നു. ഇതെങ്ങനെ സംഭവിച്ചു. മൂന്നാർ ഇതിനകത്തുൾപ്പെടുന്നു. കൊടൈക്കനാൽ ഉൾപ്പെടുന്നില്ല. അവിടുത്തെ സംസ്ഥാന സർക്കാരുകൾ കസ്തൂരി രംഗൻ കമ്മിറ്റിയെക്കണ്ട് കാര്യങ്ങൾ ബോദ്ധ്യപ്പെടുത്താൻ കഴിഞ്ഞപ്പോൾ ആ പ്രദേശങ്ങൾ ഒഴിവാക്കിക്കൊടു ത്തില്ലെ? ഈ ഗവൺമെന്റ് ഉറങ്ങിക്കിടന്നു. ഇവിടെ ഒരു പ്രമേയം പാസ്സാക്കി യതു കഴിഞ്ഞാൽ നിങ്ങൾ ഒന്നും ചെയ്തില്ല. കേരളത്തിൽ നിന്നും 8 കേന്ദ്ര മന്ത്രിമാർ അവിടെ എന്ത് ചെയ്യുകയായിരുന്നു. 16 എം.പി.മാർ യു.ഡി. എഫ്.ന് ഇല്ലേ. മലയോര പ്രദേശത്ത് നിന്നെല്ലാം ജയിച്ചിരിക്കുന്നത് യു.ഡി. എഫ്. അല്ലേ; ഈ 123 വില്ലേജുകളിൽ മഹാഭൂരിപക്ഷം വില്ലേജുകളെയും പ്രതിനിധീകരിക്കുന്നത് യു.ഡി.എഫ്. പാർട്ടിക്കാരല്ലേ; എന്തുകൊണ്ട് നിങ്ങൾക്കിതിൽ മാറ്റം വരുത്തുവാൻ സാധിച്ചില്ല. കേന്ദ്ര ഗവൺമെന്റിന്റെ നിലപാട് മാറ്റാത്തിടത്തോളംകാലം ഈ ഗവൺമെന്റിൽ ഇത് സംബന്ധിച്ച് ഏകാഭിപ്രായമില്ല. ഏകാഭിപ്രായം ഉണ്ടെങ്കിൽ അന്ന് ഞങ്ങൾ ഈ നിയമസഭ യിൽ നോട്ടീസ് നൽകിയപ്പോൾ കസ്തൂരി രംഗൻ റിപ്പോർട്ടിന്റെ മേൽ ചർച്ച നടത്തി ഒരു പ്രമേയം പാസ്സാക്കി അയച്ചുകൂടായിരുന്നോ; കസ്തൂരി രംഗൻ

റിപ്പോർട്ടിന്റെ മേൽ കേരളത്തിന്റെ അഭിപ്രായം ഈ സഭയ്ക്ക് പാസ്സാക്കി അയക്കുവാൻ എന്തുകൊണ്ട് അങ്ങേയ്ക്ക് സാധിച്ചില്ല. ഗാഡ്ഗിൽ റിപ്പോർട്ട് സംബന്ധിച്ച് നമ്മൾ അഭിപ്രായം രൂപീകരിച്ചു, പ്രമേയം പാസ്സാക്കി കേന്ദ്ര ത്തിന് അയച്ചുകൊടുത്തു. അതിനെത്തുടർന്ന് ചില മാറ്റങ്ങൾ ഉണ്ടായി. എന്നാൽ കസ്തൂരി രംഗൻ റിപ്പോർട്ട് കേരളം ഒന്നാകെ അംഗീകരിക്കുന്നു എന്നൊരു പ്രതീതിയാണുള്ളത്. ഈ കസ്തൂരി രംഗൻ റിപ്പോർട്ടിനെ സംബ ന്ധിച്ച് ഭരണകക്ഷിയിൽ തന്നെ ഭിന്ന അഭിപ്രായമുള്ളതുകൊണ്ടാണ് കേന്ദ്ര ഗവൺമെന്റ് നിലപാട് മാറ്റാത്തത്. ഈ നിയമസഭ കസ്തൂരി രംഗൻ റിപ്പോർട്ടിലെ സംഭവം സംബന്ധിച്ച്, അത് നടപ്പാക്കുന്നതിനെതിരായി ഒരു പ്രമേയം പാസ്സാക്കിയിരുന്നെങ്കിൽ നമുക്ക് നിലപാട് മാറ്റിക്കൂടായിരുന്നോ; ഞാൻ മുഖ്യമന്ത്രിയോട് ചോദിക്കട്ടെ, ഗാഡ്ഗിൽ റിപ്പോർട്ടിനെ സംബന്ധിച്ച് പ്രമേയം പാസ്സാക്കിയതുപോലെ എന്തുകൊണ്ടാണ് കസ്തൂരി രംഗൻ റിപ്പോർട്ട് ഈ സഭ ചർച്ച ചെയ്ത് ഒരു പ്രമേയം പാസ്സാക്കാത്തത്. അന്ന് ഞങ്ങൾ നോട്ടീസ് നൽകിയില്ലേ, അന്ന് മുഖ്യമന്ത്രി പറഞ്ഞു, കോടിയേരി യുടെ ഒരു നോട്ടീസ് അവിടെ കിടപ്പുണ്ടല്ലോ നമുക്ക് അപ്പോൾ ആലോ ചിക്കാമെന്ന്. നമ്മളിപ്പോൾ അത് വേണ്ടായെന്ന് വെച്ചല്ലോ; സമയമില്ലല്ലോ; ഇന്ന് ഈ സഭ നിർത്തിവെച്ച്, ചർച്ച ചെയ്ത്, മുഖ്യമന്ത്രി ഒരു പ്രമേയം ഇവിടെ അവതരിപ്പിക്കണം. ഞങ്ങൾ പാസ്സാക്കിത്തരാം. അങ്ങനെ ഐകക ണ്ഠേന ഈ കേരള നിയമസഭയുടെ അഭിപ്രായം കേന്ദ്രത്തെ അറിയിക്കാൻ അങ്ങ് തയ്യാറുണ്ടോ;

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, അങ്ങ് വളരെ വാചാലനായി സംസാരിക്കുന്നു. കസ്തൂരി രംഗൻ റിപ്പോർട്ട് സംബന്ധിച്ച്, ഒരു അഖില

കക്ഷിയോഗം വിളിച്ചുകൂട്ടിയിട്ട് ആ യോഗത്തിൽ പങ്കെടുക്കാൻ പറ്റാതിരുന്നത് തെറ്റായിപ്പോയി എന്ന് ഇപ്പോൾ തോന്നുന്നില്ലേ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, സോളാർ കേസ്സിൽ കുറ്റക്കാരനായി നിൽക്കുന്ന മുഖ്യമന്ത്രി വിളിച്ച അഖില കക്ഷിയോഗത്തിൽ വരാൻ ഞങ്ങളെന്താ നിങ്ങളുടെ ശിപായിമാരാണോ? ഞങ്ങളൊരു നിലപാടെടുത്താൽ ആ നിലപാടിൽ നിൽക്കും. മുഖ്യമന്ത്രി വിളിച്ച യോഗത്തിൽ ഞങ്ങൾ പങ്കെടുക്കില്ലെന്ന് പറഞ്ഞാൽ പങ്കെടുക്കില്ല. ഞങ്ങൾക്കൊരു നിലപാടുണ്ട്. ആ നിലപാടിന്റെ അടിസ്ഥാനത്തിൽ ഞങ്ങൾ പങ്കെടുത്തില്ല. അതുകൊണ്ട് ഈ നിയമസഭയിലാണ് ഞങ്ങൾ ചോദിക്കുന്നത്, മുഖ്യമന്ത്രി ഒരു പ്രമേയം അവതരിപ്പിക്കാൻ തയ്യാറുണ്ടോ; ഈ കേരളത്തിന്റെ വികാരം കേന്ദ്രത്തെ അറിയിക്കാൻ തയ്യാറുണ്ടോ; അതിനാണ് ഞങ്ങൾ അടിയന്തര പ്രമേയം കൊണ്ടുവരുന്നത്. ഈ അടിയന്തര പ്രമേയം സഭ ചർച്ച ചെയ്ത്, മുഖ്യമന്ത്രി ഒരു പ്രമേയം അംഗീകരിച്ച് കേന്ദ്രത്തെ അറിയിച്ചാൽ ഇത് കേരളത്തിന്റെ നിലപാടാണെന്ന് മനസ്സിലാക്കാൻ സാധിക്കും. എല്ലായ്പ്പോഴും മുഖ്യമന്ത്രിക്ക് ആശങ്കയില്ലായെന്നു പറഞ്ഞാൽ അത് ആര് വിശ്വസിക്കാനാണ്. നമുക്ക് ഒറ്റക്കെട്ടായി നിൽക്കാൻ സാധിക്കും. അപ്പുറത്ത് നിന്ന് പറയുന്നു ഇവിടെ അഭിപ്രായ വ്യത്യാസം ഉണ്ടെന്ന്, നിങ്ങൾ അത് വോട്ടിനിടൂ. ഇവിടെ അഭിപ്രായ വ്യത്യാസം ഉണ്ടോയെന്ന് നോക്കാമല്ലോ; അതുകൊണ്ട് ഞങ്ങൾക്കിവിടെ യാതൊരഭിപ്രായ വ്യത്യാസവുമില്ല. കസ്തൂരി രംഗൻ റിപ്പോർട്ടിലെ അപ്രായോഗികമായ കാര്യങ്ങൾ ഇവിടെ നടപ്പിലാക്കാൻ പാടില്ല. മലയോരത്തുള്ള ജനങ്ങളെ കുടിയിറക്കാൻ സമ്മിതിക്കില്ലെന്ന് പറഞ്ഞാൽ, കുടിയിറക്ക് ഇവിടെ നടത്താൻ ആരെങ്കിലും സമ്മതിക്കുമോ; ഏത് മുഖ്യമന്ത്രിയായാലും ഈ കേരളത്തിൽ നടക്കില്ല. ജനങ്ങൾ സമ്മതിക്കില്ല. ജനങ്ങളുടെ ബോധം

അങ്ങനെ ഉയർന്നൊരു സംസ്ഥാനമാണ് കേരളം. അത് കേരളത്തിൽ വന്നിട്ടുള്ള ഒരു മാറ്റമാണ്. കുടിയിറക്കാമെന്ന് ആര് വിചാരിച്ചാലും ഇവിടെ നടക്കില്ല. ഇപ്പോഴുള്ള പ്രശ്നം, കേരളത്തിന്റെ പിടിപ്പുകേടുകൊണ്ടാണ് ഇന്നലെ സുപ്രീം കോടതിയിൽ നിന്ന് ഈ വിധിയുണ്ടായത്. സംസ്ഥാന ഗവൺമെന്റ് ഈ കാര്യത്തിൽ ഇടപെടുന്നില്ല. സംസ്ഥാന ഗവൺമെന്റ് ഒരു പ്രസ്താവന ഇറക്കും, മുഖ്യമന്ത്രി പറയും ആശങ്കിയില്ലായെന്ന്. പ്രധാന മന്ത്രിയെ പോയി കണ്ടില്ലേ; പ്രധാനമന്ത്രി ഉറപ്പു നൽകിയില്ലേ, എന്നിട്ടെന്തുണ്ടായി, പ്രധാനമന്ത്രി ഉറപ്പു നൽകിയിട്ടും കേന്ദ്രത്തിന്റെ വക്കീൽ പറയുന്നു കസ്തൂരി രംഗൻ റിപ്പോർട്ട് നടപ്പാക്കുമെന്ന്. ഇത് നടപ്പാക്കാനുള്ള നീക്കം സംബന്ധിച്ച് ഇവിടെ ചർച്ച ചെയ്യുന്നില്ലെങ്കിൽ പിന്നെന്താണ് സർ ഈ സഭ ചർച്ച ചെയ്യാൻ പോകുന്നത്. ഇത്രയും ഗൗരവതരമായ പ്രശ്നം 123 വില്ലേജുകളെ ബാധിക്കുന്ന, മലയോരത്തെ ജനങ്ങളെ ബാധിക്കുന്ന പ്രശ്നം ഈ സഭാനടപടി നിർത്തിവെച്ച് ചർച്ച ചെയ്ത് മുഖ്യമന്ത്രി ഒരു പ്രമേയം പാസ്സാക്കി നമുക്ക് ഒറ്റക്കെട്ടായി നിലപാട് സ്വീകരിക്കാൻ തയ്യാറുണ്ടോ എന്നാണ് ഇവിടെ ഗവൺമെന്റ് വ്യക്തമാക്കേണ്ടത്. അതുസംബന്ധിച്ച് ഈ സഭാനടപടി നിർത്തിവെച്ച് ചർച്ച ചെയ്യണമെന്നുള്ള ആവശ്യം ഞാൻ ഒരിക്കൽക്കൂടി ഉന്നയിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, നിയമങ്ങൾ ജനങ്ങൾക്കുവേണ്ടിയാണ്. ജനങ്ങൾക്കുവേണ്ടി നിയമങ്ങൾ മാറണമെങ്കിൽ മാറണം. അത് മാറ്റാനാണ് ഈ ഗവൺമെന്റ് ശ്രമിക്കുന്നത്. അങ്ങ് പറഞ്ഞല്ലോ, ഗാഡ്ഗിൽ കമ്മിറ്റിയുടെ ശുപാർശ കർഷകർ ഒന്നടങ്കം തള്ളിക്കളഞ്ഞ കാര്യമാണ്. നമ്മൾ ഇവിടെ ഐകകണ്ഠേന ആ പ്രമേയം പാസ്സാക്കി. എന്നിട്ടും ഗാഡ്ഗിൽ

കമ്മിറ്റി വേണം, നടപ്പിലാക്കണമെന്ന് പറയുന്നവരുണ്ട്. അങ്ങേയ്ക്ക് അറിയാമല്ലോ. ഈ നിയമസഭ ഐകകണ്ഠേന പാസ്സാക്കി. എന്നിട്ടും ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടാണ് വേണ്ടതെന്ന് പറയുന്നവരുണ്ട്. .............. (ബഹളം)...... അല്ല, പ്രതിപക്ഷ നേതാവ്. പക്ഷേ ഇവിടുത്തെ കർഷകർക്ക് മുഴുവനും ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് തള്ളണമെന്നുള്ള അഭിപ്രായ മാണുള്ളത്. അതാണ് ഗ്രീൻ ട്രിബ്യൂണലിൽ കേരളം എടുത്ത നിലപാട്. കേന്ദ്ര ഗവൺമെന്റ് അത് അംഗീകരിച്ചു. ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് തള്ളി ക്കളഞ്ഞുകൊണ്ട് കസ്തൂരിരംഗനിലേയ്ക്ക് വന്നു. അതൊരു മാറ്റമാണ്. പക്ഷേ കസ്തൂരിരംഗൻ റിപ്പോർട്ടിലെ 123 വില്ലേജുകൾ, അവിടത്തെ ജനങ്ങൾ, അവിടത്തെ പ്രശ്നങ്ങൾ ഇവയെല്ലാം നമ്മളെ സംബന്ധിച്ചിട ത്തോളം വളരെ വലുതാണ്. ഗവൺമെന്റ് അവിടെയും ശക്തമായ നില പാടെടുത്തു. ഈ സാഹചര്യത്തിൽ ഗാഡ്ഗിൽ കമ്മിറ്റിയുടെ ശുപാർശകൾ നടപ്പിലാക്കണമെന്നാണ് ഗോവ ഫൗണ്ടേഷൻ ഇന്നലെ കൊടുത്ത ആപ്ലിക്കേ ഷനിൽ പറയുന്നത്. അപ്പോൾ കേരളത്തിലെ സീനിയർ അഡ്വക്കേറ്റ് എഴുന്നേറ്റ് പറഞ്ഞു, ഗാഡ്ഗിൽ കമ്മിറ്റി ഇവിടെ പ്രസക്തമല്ല, കസ്തൂരിരംഗൻ റിപ്പോർട്ട് വന്നതോടുകൂടി ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് പോയിക്കഴിഞ്ഞിരി ക്കുന്നു, ഇന്ന് അത് ഇവിടെ ചർച്ചാ വിഷയമല്ല. കസ്തൂരിരംഗൻ റിപ്പോർട്ട് എങ്ങനെ നടപ്പിലാക്കണം? സംസ്ഥാന ഗവൺമെന്റിന്റെ വ്യത്യസ്തമായ അഭിപ്രായങ്ങളെല്ലാം സത്യവാങ്മൂലം കൊടുത്തിരിക്കുകയാണ്. അതിനെ വളച്ചൊടിച്ചാണ് അങ്ങ് പറഞ്ഞത്.

ശ്രീ. എ. കെ. ബാലൻ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ഇന്നലെ സീനിയർ അഡ്വക്കേറ്റ് നീലം റത്തോഡ ബഹുമാനപ്പെട്ട ഗ്രീൻ ട്രിബ്യൂണലിൽ

കൊടുത്ത കാര്യം......... ഞാൻ പറയുന്നത് ശരിയാണോ തെറ്റാണോയെന്ന് മാത്രം അങ്ങ് പറഞ്ഞാൽ മതി. 'കസ്തൂരിരംഗൻ ശുപാർശകൾ അംഗീകരിക്കുന്ന നവംബർ 13-ലെ വിജ്ഞാപനം നിലവിലുണ്ട്. ഡിസംബർ 20-ലെ ഓഫീസ് മെമ്മോറാണ്ടത്തിന് സാധുതയില്ല.' ഇതാണ് ആ സ്റ്റേറ്റ്മെന്റിലുള്ളത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഇന്നലെ കൊടുത്ത ആ സ്റ്റേറ്റുമെന്റ് മേശപ്പുറത്തുവയ്ക്കാൻ പറ്റുമോ; ഞാൻ ഈ പറയുന്നത് ശരിയാണോ തെറ്റാണോ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഒന്ന്, ഇത് അവിടെ വാക്കാൽ പറഞ്ഞതാണ്. എഴുതി കൊടുത്തിട്ടില്ല. രണ്ട്, അങ്ങ് പറഞ്ഞ ആദ്യത്തെ വാചകം പറഞ്ഞു. ഞാൻ ഈ വക്കീലുമായി നേരിട്ട് സംസാരിച്ചതിനുശേഷം ശ്രീ. എം. ഐ. ഷാനവാസ് എന്നെ വിളിച്ചിരുന്നു. 20-12-2013-ലെ ഓഫീസ് മെമ്മോറാണ്ടം നിലവിലില്ലായെന്ന് വക്കീൽ പറഞ്ഞിട്ടില്ല. 13-11-2013-ലെ ഡയറക്ഷൻസിന്റെ സ്ഥിതി എന്താണെന്ന് ജഡ്ജി ചോദിച്ചപ്പോൾ വക്കീൽ പറഞ്ഞ മറുപടിയാണ് – അത് നിലനിൽക്കുന്നുവെന്നത്. അത് ഞാൻ നേരത്തെതന്നെ പറഞ്ഞതാണ്. 13-11-2013-ലെ ഡയറക്ഷൻസ് എന്താണ്? ആ ഡയറക്ഷൻസ് സംസ്ഥാനങ്ങളിലെ പരിസ്ഥിതി അനുമതി കൊടുക്കുന്ന സമിതികൾക്കുള്ളതാണ്. ഓരോ സ്റ്റേറ്റിനും രണ്ട് സമിതികളുണ്ട് – State Environment Impact Assessment Authority - യും State Expert Appraisal Committee - യും. ഈ രണ്ട് കമ്മിറ്റികൾക്ക് കൊടുത്തിരിക്കുന്ന ഡയറക്ഷൻസാണ് അത്. നടന്നുകൊണ്ടിരിക്കുന്നത് നടത്താനും, പുതിയത് അനുവദിക്കാൻ പാടില്ലെന്നുമുള്ള അഞ്ച് ഡയറക്ഷൻസാണ് കൊടുത്തിരിക്കുന്നത്. അത് നിലവിലുണ്ട്. അതാണ്

കേന്ദ്രത്തിനുവേണ്ടി ഹാജരായ വക്കീൽ പറഞ്ഞത്. 20–12–2013–ലെ ആ ഓഫീസ് മെമ്മോറാണ്ടത്തിൽ മുഖ്യമന്ത്രിമാരുമായി ആലോചിച്ച് സ്റ്റേറ്റിന്റെ വികാരം കണക്കിലെടുത്തുമാത്രമേ മുന്നോട്ടുപോകൂയെന്നുള്ളത് നില നിൽക്കുന്നു. ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ, ഞങ്ങൾ ഓൾ പാർട്ടി യോഗം വിളിച്ചുകൂട്ടി. നിങ്ങളുടെ നിലപാട് കാരണം നിങ്ങൾക്ക് വരാൻ പറ്റിയില്ല. ഞാൻ കുറ്റപ്പെടുത്തുന്നില്ല. പക്ഷേ ഞങ്ങൾക്കും ഒരു നിലപാടുണ്ട്. അത് ജനങ്ങളോടൊപ്പം നിൽക്കാനുള്ള നിലപാടാണ്. മലയോര പ്രദേശത്തെ ജനങ്ങളുടെ താൽപര്യത്തിന് ഒരു കോട്ടവുമില്ലാത്ത വിധത്തിൽ ഈ പ്രശ്നം ഗവൺമെന്റ് പരിഹരിച്ചിരിക്കുമെന്ന് ഞാൻ ഈ സഭയിൽ പറ യാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഇപ്പോൾ സംസ്ഥാന ഗവൺമെന്റ് ഉമ്മൻ വി. ഉമ്മൻ കമ്മിറ്റി എന്ന ഒരു കമ്മിറ്റിയെ നിശ്ചയിച്ചല്ലോ. ഈ കമ്മിറ്റിയുടെ റിപ്പോർട്ട് കേന്ദ്ര ഗവൺമെന്റിന് കൊടുത്തിട്ട് എന്തായി; ആ റിപ്പോർട്ട് കേന്ദ്രം അംഗീകരിക്കുന്നില്ലെങ്കിൽ ഗവൺമെന്റിന്റെ നിലപാട് എന്തായിരിക്കും?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഞാൻ അതാണ് പറഞ്ഞത്. ആ കമ്മിറ്റിയുടെ റിപ്പോർട്ട് ഇവിടത്തെ ജനങ്ങളുടെ വികാരം മാനിച്ചുകൊണ്ടുള്ളതാണ്, എല്ലാ സ്ഥലങ്ങളിലുംപോയി ജനങ്ങളെ നേരിട്ടുകണ്ട് അവരുടെ അഭിപ്രായമനുസരി ച്ചിട്ടുള്ളതാണ്. ആ റിപ്പോർട്ട് കേന്ദ്രത്തിന് കൊടുക്കും. 31–ാം തീയതി ഞാൻ നേരിട്ട് പോകുകയാണ്.

മി. സ്പീക്കർ: ശ്രീ. കോടിയേരി ബാലകൃഷ്ണൻ, മുഖ്യമന്ത്രി പറയട്ടെ. പ്ലീസ്........ പ്ലീസ്...........

ശ്രീ. ഉമ്മൻ ചാണ്ടി: സർ, പത്തുപ്രാവശ്യം തെറ്റായ ഒരു കാര്യം ആവർത്തിച്ചാൽ ശരിയാകുമെന്നുണ്ടോ? 20–12–2013–ലെ ഓഫീസ് മെമ്മോറാണ്ടമനുസരിച്ചുള്ള ഉത്തരവ് സാധുവാണ്. അത് നിലനിൽക്കുന്നു. നിയമം ജനങ്ങൾക്കുവേണ്ടിയുള്ളതാണ്. അല്ലാതെ മറ്റ് കാര്യങ്ങൾക്കുവേണ്ടി യുള്ളതല്ല. അതുകൊണ്ട് അനാവശ്യമായി പ്രശ്നങ്ങളുണ്ടാക്കാൻ ശ്രമിക്കരു ത്. നമുക്ക് ഇത് പരിഹരിക്കുകയെന്നുള്ളതാണ് ആവശ്യം. ഈ പ്രശ്നം പരി ഹരിക്കണമെന്നുള്ളതാണോ അങ്ങയുടെ ആവശ്യം? ആണെങ്കിൽ ഈ പ്രശ്നം പരിഹരിക്കും. കേരളത്തിലെ മലയോര പ്രദേശങ്ങളിലെ ജനങ്ങളുടെ വികാരം പൂർണ്ണമായി അംഗീകരിച്ചുകൊണ്ട് ഈ പ്രശ്നത്തിന് പരിഹാരമു ണ്ടാക്കും.

ശ്രീ. സി. ദിവാകരൻ: സർ, ഇതിന് പരിഹാരമായിട്ട് ഗവൺമെന്റ് ഒരു കമ്മിറ്റിയെ നിയോഗിച്ചു. ആ കമ്മിറ്റി റിപ്പോർട്ട് ഗവൺമെന്റിന്റെ കൈവശമുണ്ടോ; ആ റിപ്പോർട്ട് കേന്ദ്രം അംഗീകരിക്കുമോ; കേന്ദ്രം അംഗീകരിച്ചില്ലെങ്കിൽ ഗവൺമെന്റിന്റെ നിലപാട് എന്തായിരിക്കും?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഞങ്ങൾക്ക് ഈ കാര്യങ്ങളിലൊക്കെ വ്യക്തത യുണ്ടെന്ന് ഞാൻ പറഞ്ഞല്ലോ. ഇവിടത്തെ ജനങ്ങളുടെ വികാരം ഉൾക്കൊണ്ടുകൊണ്ട് ഈ സംസ്ഥാന ഗവൺമെന്റ് എടുത്ത തീരുമാനമാണ് അത്. ആ തീരുമാനം അംഗീകരിപ്പിക്കാൻ ഈ സംസ്ഥാന ഗവൺമെന്റിന് സാധിക്കും. ജനങ്ങളോടൊപ്പമായിരിക്കും ഈ ഗവൺമെന്റെന്ന് വ്യക്തമാ ക്കാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. കെ. കെ. ജയചന്ദ്രൻ: സർ, ഉമ്മൻ വി. ഉമ്മൻ കമ്മിറ്റിയുടെ റിപ്പോർട്ട് കേന്ദ്ര ഗവൺമെന്റ് അംഗീകരിക്കുന്നില്ലെങ്കിൽ അങ്ങയുടെ നിലപാട് എന്താണ്?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഗാഡ്ഗിൽ കമ്മിറ്റിയുടെ റിപ്പോർട്ട് കേന്ദ്ര ഗവൺമെന്റ് പിൻവലിച്ചില്ലെങ്കിൽ എന്തുചെയ്യുമെന്ന് അന്ന് ചോദിച്ചപ്പോൾ പറഞ്ഞ മറുപടിതന്നെയാണുള്ളത്. ഇത് അംഗീകരിക്കുമെന്ന് ഞങ്ങൾക്ക് ധൈര്യമുണ്ട്. ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് എവിടെപ്പോയി? അതുപോലെ തന്നെ കസ്തൂരിരംഗൻ റിപ്പോർട്ടിലെ ജനങ്ങൾക്ക് എതിർപ്പുള്ള ഭാഗങ്ങൾ മാറ്റിയെടുക്കും. അതാണ് ഗവൺമെന്റ് എടുത്തിരിക്കുന്ന സമീപനം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, മുഖ്യമന്ത്രി ഇവിടെ ഞങ്ങളെ ബോധ്യപ്പെടുത്താൻ ശ്രമിക്കുന്ന കാര്യം എന്തുകൊണ്ടാണ് ട്രിബ്യൂണലിന്റെ മുന്നിൽ അങ്ങയുടെ അഭിഭാഷകൻമാർക്ക് പറയാൻ കഴിയാത്തത്? ഉമ്മൻ വി. ഉമ്മൻ എന്നൊരു കമ്മിറ്റിയുടെ റിപ്പോർട്ടുണ്ടെന്ന് ഇന്നലെ കേരളത്തിന്റെ അഭിഭാഷകൻപോലും ട്രിബ്യൂണലിന്റെ മുന്നിൽ പറഞ്ഞില്ലല്ലോ. മുഖ്യമന്ത്രി ഇവിടെ പറയുന്നത് ട്രിബ്യൂണലിന്റെ മുന്നിൽ പ്രതിനിധീകരിക്കാൻ ഇവിടെ യൊരു വക്കീൽ ഇല്ലേ? അങ്ങനെയൊരു അഭിഭാഷകനെപ്പോലും വയ്ക്കാൻ എന്തുകൊണ്ടാണ് ഈ സർക്കാരിന് സാധിക്കാത്തത്?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഇങ്ങനെ പറയരുത്. ഏറ്റവും സീനിയറായ ഒരു അഡ്വക്കേറ്റിനെയാണ് അവിടെ എൻഗേജ് ചെയ്തിട്ടുള്ളത്. നമ്മുടെ കേസുകൾ അവിടെ പറഞ്ഞിട്ടുണ്ട്. കേരളത്തിന്റെ പ്രശ്നങ്ങൾ അവതരിപ്പിക്കേണ്ട മേഖലകളിലെല്ലാം അവതരിപ്പി ക്കാൻ ഈ ഗവൺമെന്റിന് അറിയാം, അവതരിപ്പിച്ചിട്ടുണ്ട്. അതിന് അനുകൂല

മായിട്ടുള്ള തീരുമാനവുമുണ്ടാകുമെന്ന് വ്യക്തമാക്കുന്നു. അതുകൊണ്ട് ഇത് സഭ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ലെന്ന അഭിപ്രായമാണുള്ളത്.

മി. സ്പീക്കർ: മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): മുഖ്യമന്ത്രി ഇവിടെ ഗാഡ്ഗിൽ കമ്മിറ്റിയുടെ റിപ്പോർട്ടിനെ സംബന്ധിച്ച് പറഞ്ഞു. ഞങ്ങളുടെ നിലപാട് ഗാഡ്ഗിൽ കമ്മറ്റിയുടെയും കസ്തൂരിരംഗൻ കമ്മിറ്റിയുടെയും റിപ്പോർട്ടിൽ കേരളത്തിന്റെ താൽപര്യത്തിനനുസരിച്ചുള്ള ഭേദഗതി വേണമെന്നാണ്. കസ്തൂരി രംഗൻ റിപ്പോർട്ട് കേരളത്തിലെ ജനങ്ങളുടെമേൽ അടിച്ചേൽപ്പിക്കാൻ വേണ്ടിയിട്ടാണ് മുഖ്യമന്ത്രി ഈ പാടെല്ലാം പെടുന്നത്. അതു കേരളത്തിന്റെ താൽപര്യങ്ങൾക്ക് വിരുദ്ധമാണ്. രണ്ടു റിപ്പോർട്ടുകളിലും കേരളത്തിന്റെ താൽപര്യങ്ങൾക്ക് വിരുദ്ധമായ കാര്യങ്ങൾക്ക് കൂടെ നിൽക്കാൻ സന്നദ്ധതയുണ്ടോയെന്നാണറിയേണ്ടത്. ഗാഡ്ഗിലിന്റെ കാര്യംപറഞ്ഞിട്ട് കസ്തൂരിരംഗൻ റിപ്പോർട്ട് കേരളത്തിലെ ജനങ്ങളുടെമേൽ അടിച്ചേൽപ്പിക്കാനുള്ള ശ്രമം നടക്കാൻപോകുന്നില്ലെന്ന് ഒന്നുകൂടി ഞാൻ ആവർത്തിക്കുകയാണ്. കേരളത്തിലെ കർഷകരടക്കമുള്ള ജനവിഭാഗങ്ങളാകെ ആശങ്കയോടുകൂടി കണ്ടിരുന്ന കസ്തൂരിരംഗൻ റിപ്പോർട്ട് നടപ്പിലാക്കുന്നത് സംബന്ധിച്ച മെമ്മോറാണ്ടം കേന്ദ്രസർക്കാർ പുറപ്പെടുവിച്ചപ്പോൾ നമ്മുടെ മുഖ്യമന്ത്രി ഈ സഭയിൽ അർത്ഥശങ്കക്കിടയില്ലാത്ത വിധത്തിൽ പറഞ്ഞത് ഞാൻ പ്രധാനമന്ത്രിയുമായി സംസാരിച്ചിട്ടുണ്ട്, ഒരു ആശങ്കയ്ക്കും അവകാശമില്ല, കേന്ദ്രസർക്കാർ മെമ്മോറാണ്ടം പിൻവലിക്കും – ഇങ്ങനെപ

റയുന്ന മുഖ്യമന്ത്രിയുടെ വാക്കുകൾക്ക് എന്തു വിലയാണുള്ളത്. മുഖ്യമന്ത്രിയുടെ വാക്കും പഴയ ചാക്കും ഒന്നുപോലെയല്ലേ? എന്താണിപ്പോൾ സംഭവിച്ചത്. ശ്രീ. ഉമ്മൻചാണ്ടി ഒരു കാരണവശാലും നടപ്പിലാക്കുകയില്ലെന്ന് ആണയിട്ടുപറഞ്ഞ ആ മെമ്മോറാണ്ടം തന്നെയല്ലേ ഇപ്പോൾ ഹരിതട്രൈബ്യൂണലിന്റെ മുന്നിൽ കേന്ദ്രം സമർപ്പിച്ചിട്ടുള്ളത്. ഇതനുസരിച്ച് 123 വില്ലേജുകൾ പരിസ്ഥിതിലോല പ്രദേശങ്ങൾ തന്നെയാണെന്ന് പറയുകയല്ലേ ഇപ്പോൾ ചെയ്തിരിക്കുന്നത്. എന്താണിതിന്റെ അർത്ഥം? കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ ചക്കളത്തിൽപോരാട്ടം നടത്തുകയല്ലേ ചെയ്യുന്നത്? ഇവർ രണ്ടു കൂട്ടരും ജനങ്ങളെ കബളിപ്പിക്കുകയല്ലേ ചെയ്യുന്നത്? കസ്തൂരിരംഗൻ റിപ്പോർട്ട് അതേപോലെ നടപ്പിലാക്കരുതെന്നുള്ളത് കേരളത്തിലെ ജനങ്ങളുടെ അവശ്യമാണ്. ഇത്തരത്തിൽ  ജനങ്ങളെയാകെ ബാധിക്കുന്ന ഒരു കാര്യം പോലും ചർച്ചചെയ്യാൻ എന്തുകൊണ്ടാണ് ഈ സർക്കാരിന് മടി? നിങ്ങൾ ജനങ്ങളുടെ പക്ഷത്തല്ലെന്നതാണ് കാര്യം. അതുകൊണ്ട് മറ്റുപല കാര്യങ്ങളിലും കാട്ടുന്ന ജനവിരുദ്ധ നിലപാടുതന്നെയാണ് ഇക്കാര്യത്തിലും നിങ്ങൾ കാട്ടുന്നത്. അത് ചർച്ച ചെയ്യാൻ പോലും അനുവദിക്കില്ലെന്ന സർക്കാരിന്റെ നിലപാട് അല്ലെങ്കിൽ ധാർഷ്ട്യത്തിൽ പ്രതിഷേധിച്ച് ഞങ്ങൾ വാക്കൗട്ട് ചെയ്യുകയാണ്. ചർച്ച ചെയ്യുകയാണ് വേണ്ടത്. ചർച്ച ചെയ്യുന്നില്ലെങ്കിൽ ഞങ്ങൾ വാക്കൗട്ട് ചെയ്യുകയാണ്. ചർച്ച ചെയ്യാൻ തയ്യാറുണ്ടോ?

മി. സ്പീക്കർ: ഗവൺമെന്റ് നിലപാട് പറഞ്ഞു കഴിഞ്ഞു. പ്രതിപക്ഷം അടിയന്തരപ്രമേയം അവതരിപ്പിച്ചുകഴിഞ്ഞശേഷം ഗവൺമെന്റ് അതിന്റെ നിലപാട് അറിയിച്ചുകഴിഞ്ഞു. സാധാരണഗതിയിൽ പ്രതിപക്ഷത്തിന് പറയാനുള്ളത് പറഞ്ഞിട്ട് വാക്കൗട്ട് നടത്തിയിട്ട് മടങ്ങിവരും. ചർച്ചനടത്താൻ സന്ന

ദ്ധമാകണോ വേണ്ടയോയെന്ന് തീരുമാനിക്കുന്നത് ഗവൺമെന്റാണ്. അത് നിശ്ചയിക്കുന്നത് സ്പീക്കറല്ല. (..........ബഹളം...........)

(പ്രതിപക്ഷാംഗങ്ങൾ സ്പീക്കറുടെ ഡയസിന് ചുറ്റും നിന്ന് മുദ്രാവാക്യം മുഴക്കികൊണ്ടിരുന്നു.)

ശ്രീമതി ഇ. എസ്. ബിജിമോൾ : ഒരു പ്രമേയമെങ്കിലും കൊണ്ടു വരുന്നതിന് തയ്യാറാകണം.

മി. സ്പീക്കർ : പ്രമേയത്തിന്റെ കാര്യം തീരുമാനിക്കേണ്ടത് ഗവൺമെന്റാണ്.

ശ്രീ. ഉമ്മൻ ചാണ്ടി : സർ, ബിസിനസ് അഡ്വൈസറി കമ്മിറ്റിയിൽ ചർച്ച ചെയ്തപ്പോൾ തന്നെ ഞങ്ങൾ ഇത് ചർച്ച ചെയ്യുന്നതിന് ഒരു തടസ്സവു മില്ലെന്ന് പറഞ്ഞതാണ്. ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഒരു നോട്ടീസ് കൊടുത്തു. അങ്ങ് അത് ഉടനെ ചർച്ച ചെയ്യണ്ടായെന്ന് പറഞ്ഞു. ചർച്ച ചെയ്യാൻ തീരുമാനിച്ച ഏക കാര്യം ഇതാണ്. ഇത് എത്രയോ പ്രാവശ്യം ഇവിടെ ചർച്ച ചെയ്തു. ഇക്കാര്യം യാതൊരു അഭിപ്രായ വ്യത്യാസവുമുള്ള കാര്യമല്ല. പക്ഷേ പരിഹാരമുണ്ടാക്കും. ..........................(ബഹളം)......................... അതുണ്ടാക്കും. അതിങ്ങ് വിട്ടുതന്നേയ്ക്ക്. അതിനെക്കുറിച്ചോർത്ത് വിഷമി ക്കുകയൊന്നും വേണ്ട. അതിന് പരിഹാരമുണ്ടാക്കും. മാധവ് ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് തള്ളിക്കളയണമെന്ന് പറഞ്ഞു. അത് തള്ളിക്കളയിപ്പിച്ചു. ആ മാധവ് ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കണമെന്ന് പറഞ്ഞ് പ്രതിപക്ഷ നേതാവ് എനിക്ക് തന്ന കത്താണിത് (മുഖ്യമന്ത്രി കത്ത് ഉയർത്തി കാണി ക്കുന്നു). വായിക്കണമോ? 'പശ്ചിചിമഘട്ട മേഖലയുടെ സംരക്ഷണത്തിനായി

പ്രൊഫ. മാധവ് ഗാഡ്ഗിൽ കമ്മിറ്റി തയ്യാറാക്കിയ റിപ്പോർട്ട് അംഗീകരിക്കണമെന്നും കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള പശ്ചിമഘട്ട അതോറിറ്റി രൂപീകരിച്ച റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കണം'.

(ബഹളം)..............(ബഹളം)............................

(പ്രതിപക്ഷാംഗങ്ങൾ സ്പീക്കറുടെ ഡയസിലേയ്ക്ക് പ്രവേശിക്കുകയും മുദ്രാവാക്യം മുഴക്കുകയും ചെയ്തു.)

മി. സ്പീക്കർ : അല്പനേരത്തേയ്ക്ക് സഭാനടപടികൾ നിറുത്തി വയ്ക്കുന്നു.

(രാവിലെ 10.24-ന് സഭ അല്പ നേരത്തേയ്ക്ക് നിറുത്തിവച്ചു.)

(രാവിലെ 10.23-ന് നിർത്തിവച്ച സഭ രാവിലെ 11.11-ന് വീണ്ടും ആരംഭിച്ചു)

റൂളിംഗ്

സഭാ നടപടികളുടെ സുഗമമായ പ്രവർത്തനം

മി. സ്പീക്കർ: സഭ കുറേനേരം നിർത്തി വച്ചിരിക്കുകയായിരുന്നു. ഞാൻ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവടക്കമുള്ള പ്രതിപക്ഷ നേതാക്കന്മാരുമായും മുഖ്യമന്ത്രി അടക്കമുള്ള ഭരണപക്ഷനേതാക്കന്മാരുമായും സംസാരിച്ചു. ഇതുമായി ബന്ധപ്പെട്ട ചർച്ചയിൽ ഒരു തീരുമാനത്തിൽ എത്തിയിട്ടുണ്ട്. ഇവിടെ ഇന്ന് രാവിലെ അടിയന്തരപ്രമേയമായി വന്ന വിഷയം തീർച്ചയായും ചർച്ച ചെയ്യേണ്ട വിഷയം തന്നെ എന്ന സ്പിരിറ്റിലാണ് ഭരണപക്ഷവും പ്രതിപക്ഷവും എത്തിനിൽക്കുന്നത്. ഇന്ന് ബഡ്ജറ്റ് ചർച്ചയുടെ അവസാന ദിവസമാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ പ്രസംഗം ഇന്നാണ്. സമയത്തിന്റെ പ്രശ്നമുണ്ട്. ചട്ടം 130 അനുസരിച്ച് ശ്രീ. കോടി

യേരി ബാലകൃഷ്ണൻ അവതരിപ്പിച്ച ഈ വിഷയം ബി.എ.സി.–യുടെ പരിഗ ണനയിലിരിക്കുകയാണ്. ഈ വിഷയം നാളെ ചർച്ചകൾക്കുശേഷം 90 മിനിറ്റ് ചർച്ച ചെയ്യാം പ്രതിപക്ഷ നേതാക്കന്മാരുമായി ആലോചിച്ച് ഇതുമായി ബന്ധ പ്പെട്ട ഒരു സബ്സ്റ്റാന്റീവ് മോഷൻ മുഖ്യമന്ത്രി അവതരിപ്പിക്കും ഇത് മുഖ്യ മന്ത്രിയും സമ്മതിച്ചു. ആ ഒരു തീരുമാനത്തിൽ എത്താൻ സഹായിച്ച പ്രതിപക്ഷ നേതാവിനേയും നേതാക്കന്മാരേയും മുഖ്യമന്ത്രിയേയും ഭരണ പക്ഷത്തിലെ മറ്റ് നേതാക്കളേയും ഞാൻ അഭിനന്ദിക്കേണ്ട കാര്യമില്ല, എങ്കിലും സമചിത്തതയോടുകൂടി എടുത്ത ഈ സമീപനത്തെ തീർച്ചയായും നമുക്കെല്ലാപേർക്കും സ്വാഗതം ചെയ്യാം. എനിക്ക് പറയാനുള്ള ഒരു കാര്യം, വളരെ ആലോചിച്ചതിനുശേഷം മാത്രമാണ് സഭയുടെ അകത്തെ പ്രവർത്തന ങ്ങളുമായി ബന്ധപ്പെട്ട് വാച്ച് & വാർഡ് വേണ്ട എന്ന് ഞാൻ തീരുമാനിച്ചത്. അതിനുശേഷം വാച്ച് & വാർഡ് ഈ സഭയ്ക്കകത്ത് കയറിയിട്ടില്ല, അത് വേണ്ട എന്നുള്ളതാണ് നമ്മുടെ നിലപാട്. പലപ്പോഴും ചില സന്ദർഭങ്ങൾ ഉണ്ടായിട്ടുണ്ട്. 7.2.2013–ൽ ചെയറിന്റെ അടുത്ത് വന്ന് മുദ്രാവാക്യം വിളിച്ചതു മായി ബന്ധപ്പെട്ട ചില സംഭവങ്ങൾ ഉണ്ടായി. അന്ന് നടപടികളൊന്നും എടുത്തില്ല വളരെ കർശനമായ ഒരു താക്കീത് ചെയർ കൊടുത്തിരുന്നു. ഇന്ന് നടന്നതെല്ലാം നിങ്ങൾ കണ്ടതാണ്. ഇവിടെ ചെയർ ഒരു താക്കീതിനും പോകുന്നില്ല, അതുവേണ്ട എന്ന് ഞാൻ കരുതുന്നു. പക്ഷേ നമ്മുടെ നിയമസഭയുടെ അന്തസ്സും ജനാധിപത്യ മര്യാദയും കാത്തുസൂക്ഷിക്കാൻ നമ്മൾ സ്വയം ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തണമെന്ന് ഞാൻ എല്ലാപേ രോടും അഭ്യർത്ഥിക്കുന്നു. ശക്തമായി പ്രതിഷേധിക്കണം, ശക്തമായി തന്നെ പറയാനുള്ളത് പറയണം, അതിനുള്ള സന്ദർഭം പ്രതിപക്ഷത്തിന് ഭരണപക്ഷം

കൊടുക്കുകയും വേണം. ഒരു അർത്ഥത്തിൽ സഭാനടപടികൾ ഭരണകക്ഷി യേക്കാൾ കൂടുതൽ പ്രയോജനപ്പെടേണ്ടത് പ്രതിപക്ഷത്തിനാണ്. ഭരണക ക്ഷിയെ സംബന്ധിച്ചിടത്തോളം ഭരണഘടന അവരെ ഏൽപ്പിച്ചിരിക്കുന്ന അവരുടെ ബാദ്ധ്യത നിറവേറ്റാനുള്ള വേദി കൂടിയാണ് നിയമസഭ. പലപ്പോഴും അതിരുവിടുന്നുവെന്ന് ചിന്തിക്കേണ്ടത് നമ്മളാണ്. ജനങ്ങളുടെ മുമ്പിൽ നമ്മൾ അവരുടെ നേതാക്കന്മാരാണ്. അവരുടെ സംരക്ഷണമാണ് നമ്മൾ ഏറ്റെടുത്തിരിക്കുന്നത്. അവരിൽ നിന്നുള്ള സംരക്ഷണത്തിന് വാച്ച് & വാർഡിനെ ഞാൻ വയ്ക്കുന്നത് ശരിയല്ല എന്നെനിക്ക് ഉറപ്പുള്ളതുകൊ ണ്ടാണ് അവരിങ്ങോട്ട് വരാതിരുന്നത്. ഏതായാലും ഇന്ന് നടന്നതുപോലെ യുള്ള ഇത്തരം സംഭവങ്ങൾ മേലിൽ ആവർത്തിക്കാതിരിക്കുന്നതാണ് നമുക്കെല്ലാവർക്കും നല്ലതെന്ന് മാത്രമേ ഞാൻ പറയുന്നുള്ളൂ. നമ്മുടെ നിയമസഭയുടെ അന്തസ്സും സഭയെക്കുറിച്ചുള്ള അഭിപ്രായങ്ങളും ജനങ്ങളുടെ മുമ്പിൽ അതിന്റെ പൂർണ്ണതയിൽ നിൽക്കണമെങ്കിൽ നമ്മൾ സ്വയം വലുതാ കണം. അതിന് എല്ലാപേരും തയ്യാറാകണമെന്ന് വളരെ വിനയപുരസ്സരം ഞാൻ അഭ്യർത്ഥിക്കുന്നു.

(ശ്രദ്ധക്ഷണിക്കൽ)